"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കാസർഗോഡ് ജില്ലയിൽ തെയ്യം കുലപതി കണ്ണൻ പെരുവണ്ണാന്റെ പേരിലുള്ള സ്മാരകങ്ങൾ ഉൾപ്പെടുന്ന കൊടക്കാട് ഫോക് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

G.O.(Rt)No.254/2026/CLAD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. 28.04.2021 തീയതിയിലെ സ.ഉ.(അ) നം. 67/2021/ധന
2. 21.02.2026 തീയതിയിലെ സ.ഉ.(സാധാ) നം. 158/2026/സാം.കാ.വ
3. കേരള തീരദേശ വികസന കോർപറേഷനിൽ നിന്നുള്ള 16.01.2026 ലെ 4100/G/2025/KSCADC നമ്പർ കത്ത്
4. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 21.02.2026 തീയതിയിലെ പി2-1795/2023/സാം.വ നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവർത്തികളിൽ ഉൾപ്പെടുത്തി 20% തുക വകയിരുത്തിയിട്ടുണ്ട്. കൊടക്കാട് വില്ലേജ്, നിലേശ്വരം കല്ലളൻ വൈദ്യർ സ്മാരകം എന്നീ പദ്ധതികളുടെ എസ് പി വി യായി തീരദേശവികസന കോർപ്പറേഷനെ പരാമർശം (2) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി കേരള തീരദേശ വികസന കോർപ്പറേഷൻ 4,20,00,000/- രൂപയുടെ 2021 DSR പ്രകാരമുള്ളതും പ്രൈസ് സോഫ്റ്റ്‌വെയറിൽ തയാറാക്കിയതുമായ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ഈ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കുന്നതിന് പരാമർശം (4) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തീരദേശവികസന കോർപ്പറേഷന്റെ പരാമർശം (3) പ്രകാരമുള്ള പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട്, കാസർഗോഡ് ജില്ലയിൽ തെയ്യം കുലപതി കണ്ണൻ പെരുവണ്ണാന്റെ പേരിലുള്ള സ്മാരകങ്ങൾ ഉൾപ്പെടുന്ന കൊടക്കാട് ഫോക് വില്ലേജ് സ്ഥാപിക്കുന്ന നിർമ്മാണപ്രവൃത്തിയ്ക്ക് 4202-04-800-79-Works included in Work Appendix executed through Culture Department -07-Folklore village, Kodakkad, Kasargod(P) എന്ന ശീർഷകത്തിൽ 4,20,00,000/- രൂപയുടെ (നാല് കോടി ഇരുപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഈ പ്രവൃത്തി താഴെപ്പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിച്ചാവണം നിർവഹിക്കേണ്ടത്:

1. എസ്റ്റിമേറ്റിലെ പ്ലംബിംഗ്, ഇലക്ട്രിക്കൽ എന്നീ ഇനങ്ങൾ LS ഇനങ്ങളായി

ഉൾപ്പെടുത്തിയിട്ടുണ്ട്. അവ ടെക്നിക്കൽ സാങ്ഷൻ അനുവദിക്കുന്ന സമയത്ത് ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. എസ്റ്റിമേറ്റിലെ OD ഐറ്റംസിനുള്ള നിരക്കുകളുടെ കൃത്യത, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഐറ്റംസിന്റെയും ക്വാണ്ടിറ്റികളുടെയും സ്വീകാര്യത എന്നിവ ടെക്നിക്കൽ സാങ്ഷൻ അതോറിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

3. ടെൻഡറുകൾ ക്ഷണിക്കുന്നതിന് മുൻപായി TS എസ്റ്റിമേറ്റിന്റെ പകർപ്പ് സർക്കാരിൽ ധനകാര്യവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുമ്പോൾ പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr. Rajan Namdev Khobragade I A S
ADDITIONAL CHIEF SECRETARY

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
കേരളം സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ടെവേലോപ്‌മെന്റ് കോർപറേഷൻ ലിമിറ്റഡ് , KSCADC Building, കമലേശ്വരം, മണക്കാട് പി ഒ തിരുവനന്തപുരം - 695009
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ.ഡി ) വകുപ്പ് [3446458 EDN-D2/40/2026-FIN dated 14.03.2026]
ഇൻഫർമേഷൻ ആഫീസർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sunitha Sadasivan
Date: 14-03-2026 19:23:28